**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1810** **05-07-2022 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ പെട്രോളിയം കമ്പനികളുടെ അധിക നിരക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | പൊതുമേഖലാ പെട്രോളിയം കമ്പനികൾ കെ.എസ്.ആർ.ടി.സി.ക്ക് ഡീസൽ നൽകുമ്പോൾ ഒരു ലിറ്റർ ഡീസലിന് മുകളിൽ വിപണി നിരക്കിനേക്കാൾ എത്ര രൂപയാണ് അധികം ഈടാക്കി വരുന്നത്; വിശദമാക്കാമോ; | (എ) | **പൊതുമേഖലാ പെട്രോളിയം കമ്പനികൾ കെ.എസ്.ആർ.ടി.സി.ക്ക് ഒരു ലിറ്റർ ഡീസലിന് വിപണി നിരക്കിനേക്കാൾ ലിറ്ററിന് 36.42 രൂപ കൂടുതലായാണ് വില നിശ്ചയിച്ചിരിക്കുന്നത്. (16/06/2022 മുതൽ) നിലവിൽ ഒരു ലിറ്റർ ഡീസലിന് കെ.എസ്. ആർ.ടി.സി. നൽകേണ്ട വില 132.94 രൂപയും പൊതു വിപണിയിൽ 96.52 രൂപയുമാണുള്ളത്.** |
| (ബി) | ഇതിനെതിരെ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ; നടപടികൾക്ക് ശേഷമുള്ള സ്ഥിതി വിശദമാക്കാമോ? | (ബി) | കെ.എസ്.ആർ.ടി.സി. ബൾക്ക് കൺസ്യൂമർ എന്ന വിഭാഗത്തിലാണ് വരുന്നത്. 2022 ഫെബ്രുവരിയ്ക്ക് മുമ്പ് വരെ ബൾക്ക് കൺസ്യൂമറിന് എണ്ണ കമ്പനികൾ ഡീസൽ നൽകിയിരുന്നത് വിപണി വിലയെക്കാൾ കുറഞ്ഞ നിരക്കിൽ ആയിരുന്നു. 2022 ഫെബ്രുവരി മാസം മുതൽ ബൾക്ക് കൺസ്യൂമേസിന് നൽകുന്ന ഡീസലിന് വിപണി വിലയെക്കാൾകൂടിയ നിരക്കാണ് ഈടാക്കി വരുന്നത്. നിലവിൽ കെ.എസ്.ആർ.ടി.സി. യുടെ യാത്രാ ഫ്യൂവൽസിൽ നിന്നും സ്വകാര്യ, പൊതുമേഖലാ പമ്പുകളിൽ നിന്നുമാണ് ഡീസൽ ലഭ്യമാക്കുന്നത്.<br><br>വില വർധനവ് ഉണ്ടായപ്പോൾ തന്നെ പൊതുമേഖലാ പെട്രോളിയം കമ്പനികൾക്ക് എതിരെ ബഹു. ഹൈക്കോടതിയിൽ ഹർജി (WP(C) No.9414 of 2022 (B)) സമർപ്പിക്കുകയും അതിൻപ്രകാരം കെ.എസ്.ആർ.ടി. സി.യ്ക്ക് വിപണി വിലയ്ക്ക് ഇന്ധനം നൽകണമെന്ന് ഒരു ഇടക്കാല വിധി നേടുകയും ചെയ്തിരുന്നു. എന്നാൽ ഇതിനെതിരെ പൊതുമേഖലാ എണ്ണ കമ്പനികൾ അപ്പീൽ സമർപ്പിക്കുകയും ടി ഇടക്കാല ഉത്തരവ് റദ്ദ് ചെയ്യുകയും ചെയ്തു. ഇതിനെതിരെ ബഹു.സുപ്രീംകോടതിയിൽ അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ